നിലവിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) അംഗങ്ങളായവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കാസ്പ് പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങളുടെ എണ്ണം - 4162956; കാസ്പ് പദ്ധതിയിൽ അംഗങ്ങളായ കുടുംബങ്ങളിലെ വ്യക്തിഗത കാർഡ് നേടിയവരുടെ എണ്ണം - 6627023.

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര അംഗങ്ങളുടെ പ്രീമിയത്തിനാണ് കേന്ദ്ര സഹായം കിട്ടുന്നതെന്നും അത് എന്ത് തുക വരുമെന്നും വ്യക്തമാക്കാമോ?

ആർ.എസ്.ബി.വൈ. & കാസ്പ് സെൻസസ് പ്രകാരം അർഹരായ 22,02,476 അംഗങ്ങളുടെ ചികിത്സ ചെലവിന്റെ 60% കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. ഒരു ഗുണഭോക്താവിന് പരമാവധി 631.2 രൂപയാണ് കേന്ദ്ര സഹായമായി ലഭിക്കുന്നത്.

(സി) മുൻഗണനാ വിഭാഗത്തിൽപ്പെട്ട എത്ര പേർ പദ്ധതിയിൽ അംഗമാകാതെ ഉണ്ടെന്ന് അറിയിക്കാമോ?

നിലവിൽ 41,62,956 കുടുംബങ്ങളിലെ 66,27,023 അംഗങ്ങളാണ് പദ്ധതിയുടെ ഭാഗമായി കാസ്പ് കാർഡ് സ്വന്തമാക്കിയിട്ടുള്ളത്. നിലവിലെ പദ്ധതി ഗൈഡ്ലൈൻ പ്രകാരം കാർഡ് എടുക്കാത്ത അർഹരായ കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിത്സ ആവശ്യമായി വരുന്ന സമയത്ത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്ന ആശുപത്രികളിലെ കാസ്പ് കിയോസ്ക്കുകളിൽനിന്ന് കാർഡ് ലഭ്യമാക്കുന്നതാണ്.

(ഡി) പദ്ധതിയിൽ പുതിയ അംഗങ്ങളെ കൂട്ടിച്ചേർക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഈ വിഷയം പരിശോധിക്കുന്നതാണ് .

ആരോഗ്യകിരണം പദ്ധതി

147 (3174) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആരോഗ്യകിരണം പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) അപേക്ഷ സമർപ്പിക്കേണ്ടവിധവും ആയതിന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും ലഭിക്കുന്ന സഹായത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാപ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി (ആർ.ബി.എസ്.കെ.) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻരക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരും തന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായനികുതിദായകർക്കും സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല. ആർ.ബി.എസ്.കെ-യിൽ ഉൾപ്പെട്ട 30 അസുഖങ്ങൾക്ക് ഒഴികെയുള്ള ചികിത്സയാണ് ആരോഗ്യ കിരണം വഴി സൗജന്യമാക്കിയിരിക്കുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. കൂടുതൽ ചെലവേറിയ വിദഗ്ധ ചികിത്സയ്ക്കുള്ള സഹായം ലഭ്യമാകുന്നതിന് ജില്ലാ എൻ.എച്ച്.എം. ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. ആ അപേക്ഷയിന്മേൽ ജില്ലാതലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി കൂടി പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് ചികിത്സാ സഹായം നൽകി വരുന്നത്. ആരോഗ്യ കിരണം പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

148 (3175) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ പഠിച്ച് പാരാ മെഡിക്കൽ കോഴ്സുകൾ വിജയിച്ച കുട്ടികൾക്ക് കേരള പാരാ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഠനാവശ്യങ്ങൾക്കായി ബാങ്കിൽനിന്നും മറ്റും ലോൺ എടുത്ത കുട്ടികൾക്ക് ഉൾപ്പെടെ വിദേശത്ത് തൊഴിലുകൾക്കായി പോകാൻ ഇതുമൂലം തടസ്സമുണ്ടാകുന്നതിനാൽ ഈ വിഷയം പരിശോധിച്ച് അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ;